# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.469 - 2/12/14-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |

## സംസ്ഥാനത്തിനു കിട്ടുന്ന സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>2014 - 15 സാമ്പത്തിക വർഷം കേന്ദ്ര ഫിനാൻസ് കമ്മീഷൻ വഴി സംസ്ഥാനത്തിന് കിട്ടുന്ന സാമ്പത്തിക സഹായം എത്ര കോടി ആയിരിക്കും ? | 2014-15 സാമ്പത്തിക വർഷം പതിമൂന്നാം ധനകാര്യ കമ്മീഷൻ വിവിധ ഗ്രാന്റിനത്തിൽ 1715.72 കോടി രൂപ സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ 2.341 ശതമാനം നികുതി വിഹിതവും സംസ്ഥാനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര സർക്കാരിന്റെ 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാനത്തിനുള്ള നികുതി വിഹിതമായി 8972.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി)<br>ഗാഡ്ഗിൽ - മുഖർജി ഫോർമുല പ്രകാരം പ്ലാനിംഗ് കമ്മീഷൻ വഴി ലഭിക്കുന്ന സഹായം എത്ര കോടിയായിരിക്കും ? | 2014-15 സാമ്പത്തിക വർഷം പ്ലാനിംഗ് കമ്മീഷൻ വഴി ഗാഡ്ഗിൽ - മുഖർജി ഫോർമുല പ്രകാരം ലഭിക്കുന്ന സഹായം 417.24 കോടി രൂപയാണ്. |
| (സി)<br>സെൻട്രൽ സ്പോൺസേർഡ് സ്കീമിൽ ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയായിരിക്കും ? | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ഗ്രാന്റ് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം 2611.87 കോടി രൂപ പ്രതീക്ഷിക്കുന്നു. |
| (ഡി)<br>മേല്പറഞ്ഞവ മൂന്നിലും ഇതിനകം എന്തു തുക വീതം ലഭിച്ചിട്ടുണ്ട് ? | <u>പതിമൂന്നാം ധനകാര്യ കമ്മീഷൻ</u>: ഈ സാമ്പത്തിക വർഷം ഗ്രാന്റിനത്തിൽ 7/11/2014 വരെ 1156.89 കോടി രൂപയും നികുതി വിഹിത ഇനത്തിൽ 3/11/2014 വരെ 5149.28 കോടി രൂപയും ലഭിച്ചിട്ടുണ്ട്.<br><u>പ്ലാനിംഗ് കമ്മീഷൻ</u>: ഗാഡ്ഗിൽ - മുഖർജി ഫോർമുല പ്രകാരം സെപ്റ്റംബർ 2014 വരെ 203.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.<br><u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>: കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്ര സഹായമായി ആഗസ്റ്റ് 2014 വരെ 237.95 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഇ)<br><br>ഇവ മൂന്നും ലഭിക്കുന്നതിലേക്ക് സംസ്ഥാന ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനു പുറമേ സംസ്ഥാനം പ്രത്യേകമായി എന്തെങ്കിലും സഹായത്തിനായി അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള നികുതി വിഹിതം 2014 നവംബർ മാസം വരെയുള്ളത് കൃത്യമായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റുകൾ മുൻകാലങ്ങളിൽ ലഭിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്നതിനനുസരിച്ചാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലവൽ എംപവേർഡ് കമ്മിറ്റി പ്രസ്തുത ഗ്രാന്റുകളുടെ വിനിയോഗം മൂന്നു മാസത്തിലൊരിക്കൽ കൃത്യമായി വിലയിരുത്തുന്നുണ്ട്. പ്രസ്തുത കമ്മിറ്റി വിനിയോഗ സാക്ഷ്യപത്രവും ഭൗതിക പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. വകുപ്പ് തലവന്മാരിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അവ അയച്ചു കൊടുത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാന്റ് നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>ഗാഡ്ഗിൽ - മുഖർജി ഫോർമുല പ്രകാരമുള്ള ധനസഹായം തവണകളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്ര സഹായം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതനുസരിച്ച് മുൻ കൂറായും സംസ്ഥാന സർക്കാരിന് ലഭിച്ചു കൊണ്ടിരിക്കുന്നു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കേന്ദ്ര വായ്പയിനത്തിൽ 31/03/2014 ലെ കട ബാധ്യതയായ 2298 കോടി രൂപ എഴുതിതള്ളണമെന്ന് കേന്ദ്ര ധനകാര്യ മന്ത്രിക്ക് മുഖ്യമന്ത്രി നൽകിയ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. |

Shijith

**സെക്ഷൻ ഓഫീസർ**